# അധിനിവേശത്തിന്റെ ബാക്കി പത്രം

**യാങ്കിപ്പട** ഇറാഖിൽ താണ്ഡവം തുടങ്ങിയിട്ട് അഞ്ചു വർഷം പിന്നിട്ടു. സദ്ദാം ഹുസൈൻ കുന്നുകൂട്ടിയ രാസ-ആണവായുധങ്ങൾ പിടിച്ചെടുത്ത് നശിപ്പിച്ചും ഇറാഖിന്റെ സഹായത്തോടെ ലോകമെങ്ങും ഭീകരപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിക തീവ്രവാദികളെ ഉന്മൂലനം ചെയ്തും ആസന്നമായ മഹാവിപത്തിൽനിന്ന് ലോകത്തെ രക്ഷിക്കുക; ക്രൂര സ്വേഛാധിപതിയായ സദ്ദാം ഹുസൈന്റെ ഭരണത്തിൽനിന്ന് ഇറാഖീ ജനതയെ മോചിപ്പിച്ച് ആ രാജ്യത്തെ ജനാധിപത്യത്തിന്റെയും പൗരസ്വാതന്ത്ര്യത്തിന്റെയും പറുദീസയാക്കി മാറ്റുക; ഇതൊക്കെയായിരുന്നു അധിനിവേശത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. ഇങ്ങനെ ലോകത്തെ രക്ഷിക്കാനും സുഖിപ്പിക്കാനും അമേരിക്കയെ ആരും ചുമതലപ്പെടുത്തിയിരുന്നില്ല. ഐക്യരാഷ്ട്രസഭ ആവശ്യപ്പെട്ടിരുന്നുമില്ല. ഇറാഖികളും അമേരിക്കയെ വിളിച്ചിരുന്നില്ല. ഇറാഖിൽ സൈനികാധിനിവേശം അരുതെന്നാണ് അമേരിക്കയുടെ ശിങ്കിടികളല്ലാത്ത രാജ്യങ്ങളെല്ലാം പറഞ്ഞത്. പക്ഷേ, ആരു സമ്മതിച്ചില്ലെങ്കിലും 'അമേരിക്ക അതിന്റെ ഉത്തരവാദിത്വം നിർവഹിക്കും' എന്ന് ഘോഷിച്ച് മുന്നോട്ടു പോവുകയായിരുന്നു പ്രസിഡന്റ് ബുഷ്. 'തനിക്കു തോന്നിയത് താൻ ചെയ്യും, തടയാൻ ധൈര്യമുള്ളവരുണ്ടെങ്കിൽ കാണട്ടെ' എന്ന ധാർഷ്ട്യം നിറഞ്ഞ വെല്ലുവിളിയായാണ് ലോകം അത് കേട്ടത്. ആരും തടയാൻ ധൈര്യപ്പെട്ടില്ല.

രാസ-ആണവായുധങ്ങൾ നശിപ്പിച്ച്, സദ്ദാമിനെ ശിക്ഷിച്ച്, ഭീകരന്മാരെ ഉന്മൂലനം ചെയ്ത്, ഇറാഖിൽ ജനാധിപത്യ സ്വാതന്ത്ര്യത്തിന്റെ വസന്തം വിരിയിച്ച് ഉടനെ തിരിച്ചുപോരും എന്ന് വാഗ്ദാനം ചെയ്തുകൊണ്ടാണ് യാങ്കികൾ ഇറാഖിൽ കടന്നത്. വർഷം അഞ്ചു കഴിഞ്ഞിട്ടും മാരകായുധങ്ങളുടെ പൊടി പോലും കണ്ടെത്തിയിട്ടില്ല. ഉണ്ടെങ്കിലല്ലേ കണ്ടെത്താനാകൂ? ലോകജനതയുടെ പ്രതിഷേധം തൃണവത്ഗണിച്ച് സദ്ദാമിനെ തൂക്കിക്കൊന്നിട്ട് ഒന്നര വർഷമായിട്ടും ഇറാഖും ഭീകരവാദികളും തമ്മിലുള്ള ബന്ധം തെളിയിക്കപ്പെട്ടില്ല. ഭീകരന്മാർ ഉന്മൂലനം ചെയ്യപ്പെട്ടതുമില്ല. അവരുടെ ആക്രമണങ്ങളാകട്ടെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പണ്ടത്തേക്കാൾ മൂർഛിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ പിന്നെ അഞ്ചുകൊല്ലത്തെ യുദ്ധത്തിന്റെ നേട്ടമെന്താണ്? മാധ്യമങ്ങൾ കാണിച്ചുതരുന്ന അബൂ ഗുറൈബ് തടവറകളുടെ ദൃശ്യങ്ങൾ മതി, അമേരിക്ക ഇറാഖിൽ സാക്ഷാത്കരിക്കുന്ന മനുഷ്യത്വത്തിന്റെയും മനുഷ്യാവകാശ സംരക്ഷണത്തിന്റെയും അതുല്യ മഹത്വം മനസ്സിലാക്കാൻ. യാങ്കികൾ ചൂണ്ടിക്കാട്ടുന്ന പാവകളെ പ്രധാനമന്ത്രിയെന്നും പ്രസിഡന്റെന്നും വിളിക്കുന്നതാണ് ഇറാഖിലെ ജനാധിപത്യം. യാങ്കികളെ അനുസരിക്കാനും സേവിക്കാനുമുള്ളതാണ് ഇറാഖീ ജനതയുടെ പൗരാവകാശം. അഞ്ചു വർഷത്തിനിടക്ക് 12 ലക്ഷം ഇറാഖികളാണ് കൊല്ലപ്പെട്ടത്. പരിക്കേറ്റ് ജീവിതം മുട്ടിയവരുടെ സംഖ്യ തിട്ടപ്പെടുത്താനാവാത്തതാണ്. 40 ലക്ഷം പേർ അഭയാർഥികളായി അന്യനാടുകളിലെത്തിയിരിക്കുന്നു. സ്വദേശത്തുതന്നെ അഭയാർഥികളായി കഴിയുന്നവരാണ് മറ്റൊരു 25 ലക്ഷം പേർ. ഭവനരഹിതരാകുന്നവരുടെ എണ്ണം നാൾക്കുനാൾ പെരുകിക്കൊണ്ടിരിക്കുന്നു. നാലായിരത്തിലേറെ അമേരിക്കൻ സൈനികരും കൊല്ലപ്പെട്ടിട്ടുണ്ട്. 75000 പേർ പരിക്കേറ്റ് ചികിത്സയിലാണ്. അത്രതന്നെ പട്ടാളക്കാർ യുദ്ധ വിഹ്വലതയിലകപ്പെട്ട് മനോരോഗികളാവുകയും ചെയ്തിരിക്കുന്നു.

സദ്ദാം ഹുസൈൻ ക്രൂരനായ സ്വേഛാധിപതിയായിരുന്നു. കുർദ് വിഘടനവാദികളെ നിഷ്ഠുരമായിട്ടാണ് അദ്ദേഹം അടിച്ചമർത്തിയത്. എങ്കിലും വംശീയ സംഘർഷവും ശീഈ-സുന്നീ സംഘട്ടനങ്ങളും ഇറാഖിലുണ്ടായിരുന്നില്ല. ജനങ്ങൾക്ക് മതിയായ ആഹാരവും സാമാന്യം വിദ്യാഭ്യാസവും മറ്റു ജീവിത സൗകര്യങ്ങളും ലഭിച്ചിരുന്നു. പട്ടിണിയും തൊഴിലില്ലായ്മയും ഇറാഖിനന്യമായിരുന്നു. സദ്ദാമിന്റെ അവസാനത്തെ പത്തു വർഷക്കാലത്തോളം ആഗോള സമൂഹത്തിന്റെ കടുത്ത ഉപരോധത്തിലായിരുന്നു ഇറാഖ്. ഔഷധങ്ങളുടെ ഇറക്കുമതി ഉപരോധിക്കപ്പെട്ടതിനാൽ അഞ്ചു ലക്ഷത്തോളം ഇറാഖീ ശിശുക്കളും രോഗികളും മരിക്കുകയുണ്ടായി. ആ ദുരിതകാലത്തു പോലും ജനങ്ങൾക്ക് തൊഴിലും ഭക്ഷണവും ലഭ്യമാക്കാൻ സദ്ദാമിനു കഴിഞ്ഞിരുന്നു. അമേരിക്ക 'സ്വതന്ത്ര'മാക്കിയ ഇറാഖിൽ ഒരു കോടിയിലേറെ ആളുകൾ കുടിവെള്ളം പോലും ലഭിക്കാതെ പൊരിയുകയാണ്. പട്ടിണിയും തൊഴിലില്ലായ്മയും അതിലേറെ രൂക്ഷം. നഗരങ്ങളിൽ പോലും ചികിത്സാ സൗകര്യം ലഭ്യമല്ലാതായിരിക്കുന്നു. വിദ്യാഭ്യാസം അമ്പേ താറുമാറായി. വൈദ്യുതി കിട്ടാക്കനിയായി മാറി. ഇതൊന്നും അമേരിക്കൻ വിരോധികൾ പറഞ്ഞു പരത്തുന്നതല്ല; യു.എന്നിന്റെയും റെഡ്ക്രോസിന്റെയും ഏജൻസികൾ നൽകുന്ന വിവരങ്ങളാണ്. ഇറാഖിന്റെ ദീനരോദനം ഐക്യരാഷ്ട്രസഭ കേൾക്കുന്നില്ലേ? ആഗോള സമൂഹം കേൾക്കുന്നില്ലേ? ഈ പൈശാചിക താണ്ഡവം അവസാനിപ്പിക്കണമെന്ന് ഉറച്ച ശബ്ദത്തിൽ അമേരിക്കയോട് പറയാനുള്ള ബാധ്യതയെങ്കിലും അവർക്കാർക്കുമില്ലേ?

ഇത്തരം ചോദ്യങ്ങളെല്ലാം അപ്രസക്തമാകുന്നു. അമേരിക്കയുടെ നടപടികളെ ദൈവത്തിന്റെ നടപടികൾ പോലെ അപ്രതിരോധ്യമായിട്ടാണ് ലോകം കാണുന്നത്. പശ്ചിമേഷ്യയുടെ ഊർജസമ്പത്ത് കൊള്ളയടിക്കുകയും ഇസ്രയേലിന്റെ സുരക്ഷ ഉറപ്പാക്കുകയും, അമേരിക്കയാണ് ലോകത്തിന്റെ യജമാനനെന്നും അതംഗീകരിക്കാൻ മടിക്കുന്നവരുടെ ഗതി എന്തായിരിക്കുമെന്നും ലോകത്തെ പഠിപ്പിക്കുകയുമായിരുന്നു ഇറാഖ് അധിനിവേശത്തിന്റെ യഥാർഥ ലക്ഷ്യം. ആ പാഠം പഠിച്ചതുകൊണ്ടുതന്നെയാണ് അന്നും ഇന്നും ആരും അമേരിക്കയെ ചോദ്യം ചെയ്യാത്തതും. പക്ഷേ, അനീതിയും അക്രമവും ഏതു ശക്തന്റേതായാലും അസത്യവും അധർമവുമാണ്. അസത്യം ഒരുനാൾ തകരുകതന്നെ ചെയ്യും. സത്യം വെളിപ്പെടുന്നതുവരെയേ അസത്യത്തിനായുസ്സുള്ളൂ. അമേരിക്ക സൈനിക ഭീഷണി കൊണ്ട് മൂടിവെച്ച സത്യം അൽപാൽപമായിട്ടെങ്കിലും വെളിപ്പെട്ടുതുടങ്ങിയിരിക്കുന്നു. യു.എന്നും രാഷ്ട്രനായകന്മാരും മിണ്ടാനറക്കുന്ന സത്യം -ലോകത്തിലെ ഏറ്റവും രാക്ഷസ ഭീകരന്മാർ അമേരിക്കൻ നേതൃത്വവും അതിന്റെ സൈന്യവുമാണെന്ന സത്യം- അമേരിക്കയിലേതടക്കമുള്ള ബഹുജനങ്ങൾ മനസ്സിലാക്കിവരുന്നുണ്ട്. അമേരിക്കൻ ഭീകരത അതിന്റെ ഉച്ചിയിലെത്തിയിരിക്കുന്നു. ഉച്ചിയിലെത്തിയാൽ ഏത് ആരോഹകനും അവരോഹണം ചെയ്യാതെ വയ്യ. അത് പ്രകൃതി നിയമമാണ്. ■